<u>**15 -ാം കേരള നിയമസഭ**</u>

<u>**6 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771**</u> <u>**24-08-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഓൺലൈൻ സേവനങ്ങളിലെ അപാകത**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷയോടൊപ്പം ഓൺലൈൻ പേയ്മെന്റും ചെയ്താൽ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത സംഭവിച്ചാൽ അപേക്ഷ നിരസിക്കുന്നതോടൊപ്പം പേയ്മെന്റ് തുകയും നഷ്ടപ്പെടുന്ന സ്ഥിതി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ഓൺലൈൻ പേയ്മെന്റ് ചെയ്ത് ഓഫീസിൽ ലഭിക്കുന്ന ബാദ്ധ്യത സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ പിശക് കണ്ടെത്തിയാൽ ആയത് പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ കക്ഷിയുടെ പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ പിശക് പരിഹരിച്ച് സേവനം നൽകുന്നുണ്ട്. |
| (ബി) | കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷയും പേയ്മെന്റും നടത്തിയ എത്ര അപേക്ഷകളാണ് ഓൺ ലൈൻ അപേക്ഷയിൽ നൽകിയ വിവരങ്ങളിലെ തെറ്റുകൾ കാരണം നിരസിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; നിരസിക്കപ്പെട്ട അപേക്ഷകളിലൂടെ മതിയായ സേവനം ഉപഭോക്താവിന് നൽകാതെ എത്ര രൂപ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലെ PEARL Application സംവിധാനത്തിൽ പ്രസ്തുത വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാൽ നിരസിക്കപ്പെട്ട അപേക്ഷകളുടെ എണ്ണവും അപേക്ഷകളിലൂടെ സർക്കാരിന് ലഭിച്ച വരുമാനത്തിന്റെ വിവരവും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | രജിസ്ട്രേഷൻ വകുപ്പിൽ നൽകുന്ന ഓൺലൈൻ അപേക്ഷകളിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ആയത് തിരുത്തി നൽകുന്നതിന് അപേക്ഷകന് അവസരം നൽകും വിധം സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഓൺലൈൻ അപേക്ഷകളിൽ തെറ്റ് സംഭവിച്ചാൽ കക്ഷിയുടെ പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ തിരുത്തി നൽകുന്നുണ്ട്. അപേക്ഷ കക്ഷിക്ക് നേരിട്ട് തിരുത്തൽ വരുത്താൻ കഴിയുന്ന വിധത്തിൽ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന് (N.I.C) നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് സേവനം ലഭ്യമാകാതെ ഇത്തരത്തിൽ പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഈ വിഷയത്തിൽ പരിശോധന നടത്തി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഓൺലൈൻ തകരാറുകൾ മൂലം അപേക്ഷകരുടെ പണം നഷ്ടമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷയിലെ പിശകുകൾ കാരണം സേവനം ലഭ്യമാകാത്ത സാഹചര്യം ഒഴിവാക്കുന്നതിന് അപേക്ഷയിലെ പിശകുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ